"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - കൊച്ചി കോർപ്പറേഷനിൽ ഓഫീസ് അറ്റൻഡന്റ് തസ്തികയിൽ സേവനമനുഷ്ഠിച്ചിരുന്ന ശ്രീമതി. ദീപ്തി ശിവന് ശൂന്യവേതനാവധി അനുവദിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഇയു) വകുപ്പ്**

സ.ഉ.(സാധാ) നം.2565/2025/LSGD തീയതി,തിരുവനന്തപുരം, 24-10-2025

---

പരാമർശം:-

1. ശ്രീമതി. ദീപ്തി ശിവൻ സമർപ്പിച്ച 07.06.2024, 11.06.2024 തീയതികളിലെ അവധി അപേക്ഷ.
2. പ്രിൻസിപ്പൽ ഡയറക്ടറുടെ 15.11.2024, 18.06.2025, 08.08.2025 തീയതികളിലെ LSGD/PD/19194/2024-DEF2 നമ്പർ കത്ത്

**ഉത്തരവ്**

കൊച്ചി മുനിസിപ്പൽ കോർപ്പറേഷനിൽ ഓഫീസ് അറ്റൻഡന്റ് തസ്തികയിൽ സേവനമനുഷ്ഠിച്ചിരുന്ന ശ്രീമതി. ദീപ്തി ശിവൻ 01.08.2018 മുതൽ 19.03.2019 വരെ മെഡിക്കൽ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ ശൂന്യവേതനാവധി അനുവദിക്കുന്നതിനായി പരാമർശം (1) പ്രകാരം സമർപ്പിച്ചിരുന്ന അപേക്ഷ പ്രിൻസിപ്പൽ ഡയറക്ടർ പരാമർശം (3) പ്രകാരം സർക്കാരിൽ ലഭ്യമാക്കിയിരുന്നു. കൂടാതെ ടിയാൾ 20/03/2019 മുതൽ 15/09/2019 വരെ പ്രസവാവധിയിലും തുടർന്ന് 16/09/2019 മുതൽ 14/11/2019 വരെ പ്രസവാവധിയെ തുടർന്നുള്ള ശൂന്യവേതനാവധിയിലുമായിരുന്നു എന്നും റിപ്പോർട്ട് ചെയ്തിരിക്കുന്നു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ശ്രീമതി. ദീപ്തി ശിവന് 01.08.2018 മുതൽ 18.03.2019 വരെ ടി കാലയളവ് ആർജ്ജിത അവധിയ്ക്ക് പരിഗണിക്കുകയില്ല എന്ന വ്യവസ്ഥയിൽ മെഡിക്കൽ സർട്ടിഫിക്കറ്റിന്മേലും, 19.03.2019 തീയതിയിലേയ്ക്ക് ഇൻക്രിമെന്റ്, ഹയർഗ്രേഡ്, പെൻഷൻ, ആർജ്ജിതാവധി എന്നിവയ്ക്ക് പരിഗണിക്കുകയില്ലായെന്ന വ്യവസ്ഥയിൽ മെഡിക്കൽ സർട്ടിഫിക്കറ്റിന്മേലല്ലാതെയും, പ്രസവാവധിയുടെ തുടർച്ചയായുള്ള 16.09.2019 മുതൽ 14.11.2019 വരെ, കെ.എസ്.ആർ. ഭാഗം ഒന്ന്, ചട്ടം 102 ന് ചുവടെയുള്ള പ്രൊവിസോയുടെ ആനുകൂല്യം നൽകി ടി കാലയളവ് ആർജ്ജിത അവധിയ്ക്ക് പരിഗണിക്കുകയില്ല എന്ന വ്യവസ്ഥയിലും, കെ.എസ്.ആർ. ഭാഗം I, ചട്ടം 88 (ii) ൽ ഇളവ് വരുത്തി ശൂന്യവേതനാവധി അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
LALI K
ജോയിന്റ് സെക്രട്ടറി

1. പ്രിൻസിപ്പൽ ഡയറക്ടർ, എൽ.എസ്.ജി.ഡി, തിരുവനന്തപുരം
2. സെക്രട്ടറി, കൊച്ചി മുനിസിപ്പൽ കോർപ്പറേഷൻ

3. സെക്രട്ടറി, ഒക്കൽ ഗ്രാമപഞ്ചായത്ത്

4. ശ്രീമതി. ദീപ്തി ശിവൻ, ഓഫീസ് അറ്റൻഡന്റ്, ഒക്കൽ ഗ്രാമപഞ്ചായത്ത് (പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)

5. ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം

6. എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം

7.കരുതൽ ഫയൽ/ ഓഫീസ് പകർപ്പ്

ഉത്തരവിൻ പ്രകാരം

Signed by

Sonu Jacob

Date: 24-10-2025 12:01:42

സെക്ഷൻ ഓഫീസർ